II ഇ.ബി. XII കേരള നിയമസഭ/IX-10

# പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

## വാങ്മൂലം നല്കിയ ഉത്തരങ്ങൾ-സംഗ്രഹം

## 2008 ഡിസംബർ 11, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

31 (*361) ആരോഗ്യ ചികിൽസാരംഗത്തെ പിന്നോക്കാവസ്ഥ

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാർ ആശുപത്രികളിലെ ചികിത്സാനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലും തിരുവനന്തപുരം ആർ.സി.സി.യിലും എം.ആർ.ഐ. സ്കാൻ സ്ഥാപിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പി.എം.എസ്.എസ്. പദ്ധതിയുടെ ഭാഗമായി എം.ആർ.ഐ. സ്കാൻ ഉൾപ്പെടെ 50 കോടിയുടെ അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് ഓർഡർ നൽകിക്കഴിഞ്ഞു; മറ്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലും എം.ആർ.ഐ. സ്കാൻ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനായി ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡുമായി ധാരാണാപത്രത്തിൽ ഒപ്പിട്ടു. കോഴിക്കോട്, കോട്ടയം, തൃശ്ശൂർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രികളിലും എറണാകുളം ജനറൽ ആശുപത്രിയിലും

പുതിയ സി.ടി.സ്കാൻ സ്ഥാപിച്ചു. ആലപ്പുഴ മെഡിക്കൽകോളേജ് ആശുപത്രിയിൽ പുതിയ സി.ടി. സ്കാനും കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ക്യാൻസർ രോഗ ചികിത്സയ്ക്കുള്ള ലീനിയർ ആക്സി ലേറ്ററും വാങ്ങുന്നതിന് ഉത്തരവ് നൽകിക്കഴിഞ്ഞു. ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഉൾപ്പെടെ പരിശീലന-തുടർ വിദ്യാഭ്യാസ പരിപാടി കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് കൂടുതൽ ഗുണനിലവാരമുള്ള സേവനം ലഭ്യമാക്കു വാനാണ് ശ്രമിച്ചുവരുന്നത്. കേരളത്തിലെ എല്ലാ സാമൂഹ്യാരോഗ്യകേന്ദ്രങ്ങ ളെയും ഇന്ത്യൻ പബ്ളിക്ക് ഹെൽത്ത് സ്റ്റാൻഡേർഡിലേയ്ക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ ജില്ലകളിലെയും തെര ഞ്ഞെടുക്കപ്പെട്ട ഓരോ ആശുപത്രിയിൽ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ യുമായി ചേർന്ന് ചികിൽസാനിലവാരം ഉയർത്തുന്നതിനുള്ള ധാരണാ പത്രത്തിൽ ഒപ്പിട്ടിട്ടുണ്ട്. സംസ്ഥാനത്തെ 350 ലബോറട്ടറികളിൽ പരിശോധനാ ഗുണനിലവാരം ഉറപ്പുവരുത്തുവാനുള്ള പദ്ധതിയും ഏറ്റെടു ത്തിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആരോഗ്യവകുപ്പിൽ 1500-ഓളം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലാ ആശുപത്രിയിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തി ജനറലാശുപത്രിയായി ഉയർത്തിയിട്ടുണ്ട്. മുൻഗണനാക്രമം നിശ്ചയിച്ച് എല്ലാ ആശുപത്രികളിലും ആധുനിക ചികിൽസാ സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് ഗവണ്മെന്റിന്റെ ലക്ഷ്യം. കേന്ദ്ര മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് എൻ.ആർ.എച്ച്.എം. ഫണ്ട് വിനിയോഗിക്കുന്നത്. എൻ.ആർ.എച്ച്.എം. ഫണ്ടിന്റെ

വിനിയോഗസർട്ടിഫിക്കറ്റ് യഥാസമയം കേന്ദ്ര ഗവണ്മെന്റിന് അയച്ചുകൊടുക്കുന്നുണ്ട്. മലബാർ ക്യാൻസർ സെന്ററിലെ ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആർ.സി.സി.യിൽ രക്താർബുദ ചികിൽസയ്ക്കായുള്ള ബോൺമാരോ ട്രാൻസ്പ്ളാന്റേഷൻ യൂണിറ്റ് സ്ഥാപിച്ചു. ക്യാൻസർ ചികിൽസയ്ക്ക് മുൻഗണന നൽകുകയും 18 വയസ്സ് വരെയുള്ള കുട്ടികളുടെ ചികിൽസ സൗജന്യമാക്കാൻ പദ്ധതി ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. ഡെങ്കിപ്പനി ചികിൽസയ്ക്ക് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർക്ക് ആധുനിക ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുംവിധം പരിശീലനം ലഭ്യമാക്കാൻ ബയോ മെഡിക്കൽ എൻജിനീയറിംഗ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തി മരുന്ന് സംഭരണവും വിതരണവും അഴിമതിരഹിതമാക്കുന്നതാണ്. മൂന്നു തവണത്തെ തുടർച്ചയായ പരിശോധനയിലൂടെ ഗുണനിലവാരമില്ലെന്ന് കണ്ടെത്തുന്ന മരുന്നുകൾ ബ്ളാക്ക് ലിസ്റ്റ് ചെയ്യുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പ്രധാനപ്പെട്ട ആശുപത്രികളിലെ കെ.എച്ച്.ആർ.ഡബ്ളിയു.എസ്. പേവാർഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. തൃശൂർ മെഡിക്കൽകോളേജ് ആശുപത്രിയിൽ പേവാർഡ് നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. വൈക്കം സി.എച്ച്.സി. താലൂക്കാശുപത്രിയാക്കി മാറ്റാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ ഓരോ മെഡിക്കൽകോളേജുകളിലും ഓരോ പ്രത്യേക ചികിൽസാ ശാഖകൾക്ക് പ്രധാന്യം കൊടുത്ത് സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. മെഡിക്കൽ കോളേജുകളിൽ റസിഡൻസി സിസ്റ്റം

നടപ്പിലാക്കുന്നതിന്റെ ഭാഗമായി ധനകാര്യവകുപ്പിന്റെ കൺകറൻസോടുകൂടി പി.ജി. സ്റ്റുഡന്റ്സിന് സ്റ്റൈപന്റ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. നഴ്സിംഗ് സ്ക്കൂൾ കെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്താൻ നടപടി സ്വീകരിക്കുന്നതാണ്. നാഷണൽ ഹൈവേയോടനുബന്ധിച്ചും തീരപ്രദേശങ്ങളിലുമുള്ള ആശുപത്രികളിലെ ചികിൽസാ സൗകര്യം മെച്ചപ്പെടുത്താൻ ശ്രദ്ധ ചെലുത്തുന്നതാണ്. സർക്കാർ ശമ്പളം വാങ്ങുകയും സ്വകാര്യമേഖലയിൽ ജോലിയെടുക്കുകയും ചെയ്യുന്ന ഡോക്ടർമാർക്കെതിരെയും ജീവനക്കാർക്കെതിരെയും നടപടി സ്വീകരിക്കുന്നതാണ്. പണി തീർന്നു കിടക്കുന്ന ചിറയിൻകീഴ് താലൂക്കാശുപത്രി കെട്ടിടം തുറന്നുപ്രവർത്തിപ്പിക്കാനും തിരുവനന്തപുരം ദന്തൽ കോളേജ് നവീകരിക്കാനും നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

32(*362) <u>അഡോപ്ഷൻ സെൽ</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിലെ അഡോപ്ഷൻ സെല്ലിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണെന്ന് സഭയെ അറിയിച്ചു.

സന്നദ്ധ സംഘടനകൾ നടത്തുന്ന അഡോപ്ഷൻ കേന്ദ്രങ്ങൾക്ക് ഇന്റർ കൺട്രി അഡോപ്ഷൻ ലൈസൻസ് ലഭിക്കുന്നതിനായി അവർ നൽകുന്ന അപേക്ഷയിന്മേൽ അന്വേഷണം നടത്തി ശുപാർശ സമർപ്പിക്കുക;

അനാഥർ, ഉപേക്ഷിക്കപ്പെട്ടവർ, അശരണർ, കുറ്റവാസനയുള്ളവർ എന്നീ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ സംരക്ഷിക്കുന്ന സന്നദ്ധ/സ്വകാര്യ സംഘടനകൾ നടത്തുന്ന ഫോണ്ട്ലിംഗ് ഹോമുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക;

രാജ്യത്തിനകത്തും പുറത്തും ദത്ത് നൽകുന്ന ഏജൻസികളുമായി നിരന്തരം സമ്പർക്കം പുലർത്തുക;

ദത്തെടുക്കൽ കേന്ദ്രങ്ങൾ പരിശോധിച്ച് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക;

രാജ്യത്തിനകത്ത് ദത്ത് നൽകുന്നത് പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ട നൂതന ആശയങ്ങൾ സർക്കാരിന് സമർപ്പിക്കുക.

കുട്ടികളെ ദത്തെടുക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി അംഗൻവാടികൾ വഴി പോസ്റ്ററുകൾ നൽകുകയും മൂന്ന് ഹ്രസ്വചിത്രങ്ങൾ നിർമ്മിച്ച് അത് ദൂരദർശനിലൂടെ പ്രദർശിപ്പിക്കുകയും അഡോപ്ഷൻ സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉപേക്ഷിക്കപ്പെട്ട കുട്ടികളുടെ legally free for adoption certificate നൽകുന്നതിന് വേണ്ട അന്വേഷണം ജില്ലാ പ്രൊബേഷൻ ഓഫീസർ വഴി നിർവ്വഹിക്കുകയും അനധികൃതമായി ദത്ത് നൽകുന്ന സ്ഥാപനങ്ങൾക്കെതിരെ ബന്ധപ്പെട്ട അധികാരികൾ മുഖേന നടപടികൾ സ്വീകരിക്കുകയും അത്തരം സ്ഥാപനങ്ങളിൽ നിന്ന് കുട്ടികളെ അംഗീകൃത സ്ഥാപനങ്ങളിലേയ്ക്ക് മാറ്റുകയും ചെയ്യുന്നു. Adoptive parents-ന്റെ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനും അഡോപ്ഷൻ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മേഖലാ തലത്തിൽ മീറ്റിംഗുകൾ, കൂട്ടായ്മകൾ, സെമിനാറുകൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിന് പ്രോൽസാഹനം നൽകുകയും അനാഥാലയങ്ങളിലും ഇതര ശിശു സംരക്ഷണ ഭവനങ്ങളിലും കഴിഞ്ഞു വരുന്ന അർഹരായ കുട്ടികളെ കണ്ടെത്തി അവരെ അഡോപ്ഷന് പ്രാപ്തരാക്കുന്നതിന് 'സനാഥ ബാല്യം' പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി അനാഥാലയങ്ങളിൽ ബോധവൽക്കരണം നടത്തിവരുന്നു. ദത്തെടുക്കുന്നവർ കുട്ടികളെ ശരിയായ രീതിയിൽ സംരക്ഷിക്കുന്നുണ്ടോയെന്ന് കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ

പ്രൊബേഷൻ ഓഫീസർമാർ മേൽനോട്ടം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. Central Adoption Resource Authority (CARA) കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് കുട്ടികളെ ദത്തെടുക്കുന്നത്. ഉപേക്ഷിക്കപ്പെട്ട/ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനന സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ ലഘൂകരിച്ച് ഉത്തരവായിട്ടുണ്ട്. 2006-07-ൽ 277 കുട്ടികളേയും 2007-08-ൽ 218 കുട്ടികളേയും ദത്തെടുത്തിട്ടുണ്ട്. 14 ലൈസൻസ്ഡ് അഡോപ്ഷൻ പ്ളേസ്മെന്റ് ഏജൻസികളും 5 ഇന്റർ കൺട്രി പ്ളേസ്മെന്റ് അഡോപ്ഷൻ ഏജൻസികളും ദത്തെടുക്കലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. ജില്ലാ ശിശുക്ഷേമ സമിതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ജുവനൈൽ ഹോമുകളുടെയും അനാഥാലയങ്ങളുടെയും പ്രവർത്തനങ്ങൾ പരിശോധിക്കാൻ രൂപീകരിച്ചിട്ടുള്ള ഉപദേശക കമ്മിറ്റികളുടെ പ്രവർത്തനം ശക്തമാക്കുന്നതാണ്. കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നത് തടയാനും ഒറ്റപ്പെട്ടുപോകുന്ന കുട്ടികളെ കണ്ടുപിടിക്കാനുമായി സാമൂഹ്യക്ഷേമവകുപ്പും ആഭ്യന്തരവകുപ്പും യോജിച്ച് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ചില ജില്ലകളിൽ ചൈൽഡ് ഹെൽപ്പ്ലൈൻ സംവിധാനവും പ്രവർത്തിക്കുന്നുണ്ട്. ദത്തെടുക്കലിന്റെ ഭാഗമായി നടക്കുന്ന ചൂഷണം തടയുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്; അതിന് എല്ലാവരുടേയും സഹകരണം ആവശ്യമാണ്. സ്വകാര്യ വന്ധ്യതാ നിവാരണ ക്ളിനിക്കുകളെ നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം

നടത്തുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

33 (*363) കായംകുളം-എറണാകുളം റെയിൽപ്പാത

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) നൽകിയ മറുപടിയിൽ, എറണാകുളം-കോട്ടയം-കായംകുളം മേഖലയിൽ റെയിൽപ്പാത ഇരട്ടിപ്പിക്കലിനുള്ള അനുവാദം കിട്ടിയ 114 കിലോമീറ്ററിൽ 2 കിലോമീറ്റർ പണി പൂർത്തിയായിട്ടുണ്ടെന്നും കോട്ടയം-മാവേലിക്കര ഒഴിച്ചുള്ള ബാക്കി സ്ഥലങ്ങളിൽ പണി നടന്നുവരികയാണെന്നും സഭയെ അറിയിച്ചു. എറണാകുളം-ആലപ്പുഴ-കായംകുളം മേഖലയിൽ ഇരട്ടിപ്പിക്കലിന് അനുമതി ലഭിച്ച 100 കിലോമീറ്ററിൽ കായംകുളം-അമ്പലപ്പുഴ വരെയുള്ള 30 കിലോമീറ്റർ സ്ഥലത്ത് പണി നടന്നുകൊണ്ടിരിക്കുന്നു. ഇരട്ടിപ്പിക്കൽ പൂർത്തിയാകാത്ത ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. ഇരട്ടിപ്പിക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. എറണാകുളം ജില്ലയിൽ കോട്ടയം വഴിയുള്ള റെയിൽപ്പാതയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടി രണ്ട് ഘട്ടങ്ങളിലായി നടക്കുകയാണ്. എറണാകുളം -മുളന്തുരുത്തി വരെയുള്ള ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. മുളന്തുരുത്തി-കുറുപ്പുന്തറ ഭാഗത്തുള്ള തടസ്സങ്ങൾ നീക്കി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെയാണ് ഭൂമി ഏറ്റെടുക്കൽ നടക്കുന്നത്. റെയിൽവേയുമായി ബന്ധപ്പെട്ട ഇത്തരം വികസനപ്രവർത്തനങ്ങൾ

മോണിറ്റർ ചെയ്യാനായി റെയിൽവേ മന്ത്രി ചെയർമാനും കേന്ദ്ര റെയിൽവേ കൺസൽട്ടേഷൻ കമ്മിറ്റി അംഗങ്ങളും പാർലമെന്റ് അംഗങ്ങളും ഡെൽഹി റസിഡന്റ് കമ്മീഷണറും അടങ്ങുന്ന സമിതി രൂപീകരിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 104 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി. ഉത്തരങ്ങൾ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.)